രണ്ടും കൽപ്പിച്ച് കെ എം മാണി

സ്വന്തം ലേഖകൻ

തിരു: ബാർകോഴ ആരോപണം ഉന്നയിക്കുന്നതിനുള്ള ഗൂഢാലോചന നടന്നത് യുഡിഎഫിലാണെന്ന് പാർടി യോഗത്തിൽ മന്ത്രി കെ എം മാണി തുറന്നടിച്ചത് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉൾപ്പെടെയുള്ള യുഡിഎഫ് നേതൃത്വത്തിനുള്ള മുന്നറിയിപ്പ്. തനിക്കെതിരായ ഏത് നീക്കത്തെയും എംഎൽഎമാരുടെ അംഗബലം ഉപയോഗിച്ച് മുന്നണിക്കകത്ത് നേരിടാനുള്ള രണ്ടും കൽപ്പിച്ചുള്ള പുറപ്പാടിലാണ് മാണി.

കോഴ ആരോപണം ഉയർന്നപ്പോൾ തന്നെ ഇതിന് പിന്നിൽ ഉമ്മൻചാണ്ടിയാണെന്ന് മാണി സംശയിച്ചിരുന്നു. ഉമ്മൻചാണ്ടിയുടെ വിശ്വസ്തനായ എറണാകുളത്തുനിന്നുള്ള എംഎൽഎയാണ് ചരടുവലി നടത്തിയതെന്നും മാണി വിഭാഗം കരുതുന്നു. മാണിക്കെതിരെ ആരോപണം ഉയർന്ന ഉടനെ ഗവ. ചീഫ് വിപ്പ് പി സി ജോർജ് പ്രതികരിച്ചതും മാണിയുടെ ഈ നിലപാടിനനുസരിച്ചായിരുന്നു. മാണി മാത്രമല്ല, മറ്റ് മന്ത്രിമാരും ബാറുടമകളിൽനിന്ന് പണം വാങ്ങിയെന്നായിരുന്നു ജോർജ് ആദ്യം പ്രതികരിച്ചത്.

ഇപ്പോൾ മാണിയും അതുതന്നെ പറയുന്നു. ബാറുടമകളിൽ നിന്ന് എല്ലാവരും പണം വാങ്ങാറുണ്ട്. പാർലമെന്റ് തെരഞ്ഞെടുപ്പ് കാലത്ത് കോൺഗ്രസ് അടക്കം ഫണ്ട് വാങ്ങിയിട്ടുണ്ട്. കേരള കോൺഗ്രസും വാങ്ങിയിട്ടുണ്ട്. എന്നിട്ടും നമ്മളെ മാത്രം തെരഞ്ഞുപിടിച്ച് അക്രമിക്കുന്നുവെന്നും മാണി കുറ്റപ്പെടുത്തി. തനിക്കെതിരായ അക്രമം പ്രതിരോധിക്കാൻ മുന്നണിയും മറ്റ് പാർടികളും സഹായിക്കുന്നില്ലെന്ന പരിഭവവും മാണിക്കുണ്ട്. അതുകൊണ്ട് പാർടി സ്വന്തം നിലയിൽ പഞ്ചായത്ത് തലത്തിൽ പ്രചാരണം നടത്തും. പി സി ജോർജിന്റെ നിലപാട് തലവേദന സൃഷ്ടിക്കുകയാണെങ്കിലും പ്രതികരിച്ച് ജോർജിനെ പ്രകോപിപ്പിക്കേണ്ടെന്നാണ് മാണിയുടെ നിലപാട്.

ചോദ്യംചെയ്യുന്നത് ആഭ്യന്തരവകുപ്പ് തടഞ്ഞു

റഷീദ് ആനപ്പുറം

തിരു: ബാർ കോഴക്കേസിൽ ധനമന്ത്രി കെ എം മാണിയെ ചോദ്യംചെയ്യാനുള്ള വിജിലൻസ് നീക്കം ആഭ്യന്തരവകുപ്പ് തടഞ്ഞു. കേസന്വേഷണം സിബിഐയെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ട് ബിജു രമേശ് അടുത്ത ദിവസം ഹൈക്കോടതിയെ സമീപിക്കുമെന്നറിഞ്ഞാണ് മാണിയെ ചോദ്യംചെയ്യാൻ വിജിലൻസ് മുതിർന്നത്. ഹർജി പരിഗണിക്കുന്ന സമയത്ത് മാണിയെ ഇതുവരെ ചോദ്യം ചെയ്യാത്തതെന്തെന്ന ചോദ്യം ഹൈക്കോടതി ഉന്നയിക്കുമെന്ന് ഭയം വിജിലൻസിനുണ്ട്. എന്നാൽ, നിയമസഭയുടെ ബജറ്റ് സമ്മേളനം കഴിയുന്നതുവരെ ചോദ്യം ചെയ്യണ്ടെന്ന് ആഭ്യന്തരവകുപ്പ് നിർദേശിക്കുകയായിരുന്നു.

വിജിലൻസ് ഡയറക്ടർ വിൻസൺ എം പോൾ അവധിയിൽ പോകുന്നതിനു മുന്നോടിയായി കഴിഞ്ഞദിവസം ഉന്നത ഉദ്യോഗസ്ഥരുമായി അനൗപചാരിക ചർച്ച നടത്തിയിരുന്നു. കേസ് എടുത്തിട്ട് രണ്ടുമാസമായിട്ടും പ്രതിസ്ഥാനത്തുള്ള മാണിയെ ചോദ്യം ചെയ്യാത്തത് ശരിയല്ലെന്ന അഭിപ്രായം വിജിലൻസിൽ ശക്തമാണ്. മാത്രമല്ല, ബാർ കോഴയിൽ സമാന്തര അന്വേഷണം നടത്തുന്ന ആദായനികുതിവകുപ്പും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും മാണിയെ ചോദ്യം ചെയ്യാനിടവന്നാൽ വിജിലൻസിന് നാണക്കേടുമാകും. ഇതെല്ലാം മുന്നിൽക്കണ്ടായിരുന്നു വിജിലൻസിന്റെ നീക്കം.

മാണിക്ക് എതിരെ അന്വേഷണം വേണ്ടെന്ന് പറഞ്ഞിട്ടില്ലെന്ന് സുകുമാരൻനായർ

കോട്ടയം: മന്ത്രി കെ എം മാണിക്ക് എതിരായ ബാർ കോഴ ആരോപണം അന്വേഷിക്കരുതെന്നോ, ആരോപണം തെളിഞ്ഞാൽ രാജിവയ്ക്കരുതെന്നോ താൻ പറഞ്ഞിട്ടില്ലെന്ന് എൻഎസ്എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ പ്രസ്താവനയിൽ പറഞ്ഞു.

അഴിമതിയാരോപണം ആർക്കെതിരെ ഉണ്ടായാലും അന്വേഷിക്കണം, തെളിവുണ്ടെങ്കിൽ ശിക്ഷിക്കണം. ആരോപണം തെളിയുന്നതുവരെ ഒരു മന്ത്രിയെ ക്രൂശിക്കരുതെന്നാണ് പറഞ്ഞത്. ഇത് മാണിയുടെ കാര്യത്തിൽ മാത്രമെടുത്ത നിലപാടല്ല.മുഖ്യമന്ത്രിയായിരുന്ന കെ കരുണാകരനെതിരെ ചാരക്കേസ് വിവാദം ഉയർന്നപ്പോഴും എൻഎസ്എസ് ഇതേ നിലപാടാണ് സ്വീകരിച്ചത്. അഴിമതിക്കാരെ എൻഎസ്എസ് ജനറൽ സെക്രട്ടറി സഹായിക്കുന്നവെന്ന് വാർത്തകൾ പ്രചരിപ്പിക്കുന്നത് മനഃപൂർവമോ യാഥാർഥ്യങ്ങൾ അറിയാതെയോ ആണ്.

അഴിമതിക്കാരെയും സ്ത്രീപീഡനക്കാരെയും താൻ പിന്തുണയ്ക്കുന്നുവെന്നും ആർ ബാലകൃഷ്ണപിള്ളയെ തള്ളിപ്പറയുന്നുവെന്നുമുള്ള പ്രചാരണം വസ്തുതകൾക്ക് നിരക്കാത്തതാണ്. പി ജെ കുര്യനുവേണ്ടി എൻഎസ്എസ് പ്രസ്താവന നടത്തിയിട്ടില്ല. ആർ ബാലകൃഷ്ണപിള്ളയുടെ രാഷ്ട്രീയവുമായി എൻഎസ്എസിന് ബന്ധമില്ലെന്നാണ് മാധ്യമങ്ങളോട് വ്യക്തമാക്കിയത്. പിള്ളയുടെ രാജി യുഡിഎഫിലെ ആഭ്യന്തര പ്രശ്നമായതിനാൽ എൻഎസ്എസ്സുമായി ബന്ധപ്പെടുത്തേണ്ടെന്നാണ് പറഞ്ഞത്. ഈ വസ്തുത മറച്ചുവെച്ചാണ് ചില ദൃശ്യമാധ്യമങ്ങൾ മാണിയെ എൻഎസ്എസ് പിന്തുണച്ചെന്നും പിള്ളയെ തള്ളിയെന്നുമുള്ള പ്രചാരണം നടത്തുന്നതെന്നും സുകുമാരൻനായർ ആരോപിച്ചു.

സമനിലതെറ്റിയ തിരുവഞ്ചൂർ കള്ളം പറയുന്നു: എം വിജയകുമാർ

സ്വന്തം ലേഖകൻ

തിരു: ദേശീയ ഗെയിംസ് അഴിമതിയെക്കുറിച്ച് സിബിഐ അന്വേഷണം ആരംഭിച്ചതോടെ കായികമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണന് സമനില തെറ്റിയതായി മുൻ കായികമന്ത്രി എം വിജയകുമാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. എൽഡിഎഫ് ഭരണകാലത്ത് ദേശീയ ഗെയിംസ് ഫണ്ട് വകമാറ്റി ചെലവഴിച്ചെന്ന അദ്ദേഹത്തിന്റെ പ്രസ്താവന ഇതിനുദാഹരണമാണ്. സിബിഐ അന്വേഷണം തീരുന്നതോടെ തിരുവഞ്ചൂർ കുടുങ്ങും. അതിനാൽ മറ്റുള്ളവരുടെ പേരിൽക്കൂടി കുറ്റംചാർത്തി രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. അഴിമതിയും ധൂർത്തും സ്വതന്ത്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ സർക്കാർ തയ്യാറാകണം. മുൻ സർക്കാർ ഫണ്ട് വകമാറ്റിയെന്ന് മന്ത്രി വിശ്വസിക്കുന്നുണ്ടെങ്കിൽ അക്കാര്യവും അന്വേഷണപരിധിയിൽപ്പെടുത്തട്ടെ. കള്ളക്കഥകൾ പറഞ്ഞ് വിമർശകരുടെ വായമൂടിക്കെട്ടാമെന്ന് കരുതേണ്ടെന്നും അദ്ദേഹം പറഞ്ഞു.

എൽഡിഎഫ് ഭരണകാലത്ത് മൂന്ന് സ്റ്റേഡിയത്തിന് അനധികൃതമായി ഫണ്ട് വകമാറ്റിയെന്നാണ് തിരുവഞ്ചൂർ കോട്ടയത്ത് പറഞ്ഞത്. തിരുവനന്തപുരം തങ്കമ്മ സ്റ്റേഡിയം, ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം, ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയം എന്നിവയുടെ പേര് എടുത്തുപറഞ്ഞിട്ടുണ്ട്. ഇത് അടിസ്ഥാനരഹിതമാണ്. തങ്കമ്മ സ്റ്റേഡിയം പേരൂർക്കട സർക്കാർസ്കൂളിന്റേതാണ്. ദേശീയ ഗെയിംസ് ഫണ്ടിൽനിന്ന് ഒരുകാശും നൽകിയിട്ടില്ല. ദേശീയ ഗെയിംസ് മത്സരവേദിയായ ശ്രീപാദം സ്റ്റേഡിയത്തിന് നൽകിയ ഫണ്ട് വകമാറ്റിയതാണെന്ന് എങ്ങനെ പറയും. ആലപ്പുഴ മുനിസിപ്പിൽ സ്റ്റേഡിയത്തിന് ബജറ്റിൽ വകയിരുത്തിയ പണമാണ് സർക്കാർ നൽകിയത്. ഇതിനും ഗെയിംസ് ഫണ്ടിൽനിന്ന് നൽകിയിട്ടില്ല.

അതേസമയം, നിർമാണം നടക്കുന്ന പാലായിലെ സ്റ്റേഡിയത്തിന് ഗെയിംസ് ഫണ്ടിൽനിന്ന് 37 കോടി അനുവദിച്ചിട്ടുണ്ട്. ഗെയിംസ് ഇവന്റ് നടക്കാത്ത ഈ സ്റ്റേഡിയത്തിന് ഇതിനോടകം 17.5 കോടി കൈമാറി. തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിന് നാലുകോടി നൽകിയതെന്തിനെന്നും വ്യക്തമാക്കണം. അഴിമതിയിൽ മുൻകൂർ ജാമ്യമെടുക്കലിന്റെ ഭാഗമായി സിഇഒ ജേക്കബ് പുന്നൂസിനെക്കൊണ്ട് കള്ളംപറയിച്ചു. മുൻ കായികമന്ത്രിമാരായിരുന്ന താനും ഗണേശ്കുമാറും പങ്കെടുത്ത യോഗത്തിലാണ് എല്ലാ കാര്യവും തീരുമാനിച്ചതെന്ന മന്ത്രിയുടെ വാദം കള്ളമാണ്. എൽഡിഎഫ് ഭരണം മാറിയതോടെ അന്നത്തെ കമ്മിറ്റി യുഡിഎഫ് സർക്കാർ പിരിച്ചുവിട്ടിരുന്നു. പിന്നീട് അടുത്ത ദിവസമാണ് തന്നെ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയെന്ന് സിഇഒ അറിയിച്ചത്. പ്രധാന തീരുമാനങ്ങളെടുത്ത ഒരു യോഗത്തിലും പങ്കെടുത്തിട്ടില്ല.

അറുനൂറ്റിപ്പത്ത് കോടി രൂപ ചെലവഴിക്കുന്ന ഗെയിംസിൽ 190 കോടിയുടെയെങ്കിലും അഴിമതി നടന്നിട്ടുണ്ട്. നിർമാണ പ്രവൃത്തികൾക്കും കളിയുപകരണങ്ങൾ വാങ്ങുന്നതിലുമാണ് കൂടുതൽ അഴിമതി നടന്നത്. മുഖ്യവേദിയിൽ മത്സരം നടക്കാത്ത ഏക ഗെയിംസാണിത്. മേനംകുളത്തെ ഗെയിംസ്‌വില്ലേജ് നിർമാണത്തിലും വൻ ക്രമക്കേട് നടന്നിട്ടുണ്ട്- വിജയകുമാർ പറഞ്ഞു.

GET
SET
PLAY

ഗെയിംസ് വേദികളുടെ സുരക്ഷ ഉറപ്പാക്കിയില്ല

സ്വന്തം ലേഖകൻ

തിരു: ദേശീയ ഗെയിംസ് വേദികളുടെ സുരക്ഷ ഉറപ്പാക്കാൻ വാങ്ങിയ ഉപകരണങ്ങൾ എത്തിക്കുന്നതിൽ ഗുരുതര വീഴ്ച. കോടികൾ ചെലവഴിച്ചു വാങ്ങിയ ഉപകരണങ്ങൾ എത്തിയത് ഗെയിംസ് ഒരാഴ്ച പിന്നിട്ടപ്പോൾ. കഴിഞ്ഞദിവസം തലസ്ഥാനത്ത് എത്തിച്ച ഉപകരണങ്ങൾ നന്ദാവനം പൊലീസ് ക്യാമ്പിൽ കെട്ടിക്കിടക്കുകയാണ്. സംസ്ഥാനത്തെ വിവിധ വേദികളിൽ കൊണ്ടുപോയി സ്ഥാപിക്കേണ്ട ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടറുകളാണ് കൂട്ടിയിട്ടിരിക്കുന്നത്. ആറുകോടിയോളം രൂപയാണ് സുരക്ഷാ ഉപകരണങ്ങൾ വാങ്ങാൻ ചെലവിട്ടത്. ഗെയിംസിനായി എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയെന്നും വേദികളെല്ലാം അതീവ സുരക്ഷാമേഖലയാക്കിയിട്ടുണ്ടെന്നും സർക്കാർ നടത്തിയ അവകാശവാദങ്ങളെല്ലാം പൊള്ളയായിരുന്നുവെന്ന് തെളിഞ്ഞിരിക്കുകയാണ്. വൈകിയെത്തിയ ഉപകരണങ്ങൾ കൊച്ചിയിലും ആലപ്പുഴയിലുമൊക്കെയുള്ള വേദികളിലെത്തിച്ച് സ്ഥാപിക്കുമ്പോഴേക്കും മത്സരം ബാക്കിയുണ്ടാവില്ല.

ഉപകരണങ്ങൾ എത്തിക്കുന്നതിൽ വീഴ്ചവരുത്തിയതിന്റെ ഉത്തരവാദിത്തം കെൽട്രോണിനാണെന്നും അവരോടു വിശദീകരണം ആവശ്യപ്പെടുമെന്നുമാണ് ഗെയിംസ് സെക്രട്ടറിയറ്റ് അധികൃതർ പ്രതികരിച്ചത്. ഉപകരണങ്ങൾ വാങ്ങാൻ കെൽട്രോണിനാണ് ടെൻഡർ നൽകിയത്. ഹരിയാനയിലെ എസ്ബിഎസ് കമ്പനിയിൽനിന്നാണ് ഉപകരണങ്ങൾ എത്തിച്ചത്. ഓർഡർ ചെയ്തത്രയും സാധനങ്ങൾ നൽകാൻ കമ്പനിക്കു കഴിയാതെവന്നു. 80 ശതമാനം ഉപകരണങ്ങളും നേരത്തെ എത്തിയിരുന്നുവെന്നും ശേഷിച്ച 20 ശതമാനത്തിന്റെ കാര്യത്തിലേ വീഴ്ചയുണ്ടായുള്ളൂവെന്നും അധികൃതർ പറയുന്നു. അതേസമയം ടെൻഡർ നിശ്ചയിച്ചതിലുണ്ടായ കാലതാമസമാണ് ഉപകരണങ്ങളെത്താൻ വൈകിയതെന്ന് കെൽട്രോൺ അധികൃതരും പറഞ്ഞു.

കെഎസ്എഫ്ഇ ലാഭം പെരുപ്പിച്ച് കാട്ടിയതായി എ ജി റിപ്പോർട്ട്

പി വി ജീജോ

- 33.31 കോടി അധിക ലാഭമായി കാണിച്ചതായാണ് തെളിഞ്ഞത്

കോഴിക്കോട്: കെഎസ്എഫ്ഇ ഓഡിറ്റിങ്ങിൽ ലാഭം പെരുപ്പിച്ചു കാട്ടിയതായി അക്കൗണ്ടന്റ് ജനറലിന്റെ(എ ജി) റിപ്പോർട്ട്. 33 കോടിയിലധികം രൂപ ലാഭം പെരുപ്പിച്ച് കാട്ടിയെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഓഡിറ്റർമാരെ സ്വാധീനിച്ച് ലാഭവിഹിതം വർധിപ്പിച്ച് രേഖകൾ സൃഷ്ടിച്ചതായാണ് എജിയുടെ കണ്ടെത്തൽ. പുതിയ എ ജി റിപ്പോർട്ടിലാണ് ക്രമക്കേട് സൂചിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയുള്ള ധനകാര്യസ്ഥാപനത്തിന്റെ പ്രവർത്തനം ഉമ്മൻചാണ്ടി സർക്കാർ വന്നശേഷം ക്രമക്കേടുകളിലും അഴിമതിയിലുമാണെന്ന ആക്ഷേപം ശരിവെക്കുന്നതാണ് ഈ റിപ്പോർട്ട്. അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ 2011-12ലെ ലാഭക്കണക്കിലാണ് കൃത്രിമം കണ്ടെത്തിയത്. ഡയറക്ടർ ബോർഡ് അവിഹിതമായി ഇടപെട്ടാണ് ലാഭം പെരുപ്പിച്ച് രേഖകളുണ്ടാക്കിയത്. 33.31 കോടി രൂപ അധിക ലാഭമായി കാണിച്ചതായാണ് തെളിഞ്ഞിരിക്കുന്നത്. അതേസമയം ഇതും തെറ്റാണെന്നും 97 കോടിയോളം രൂപ ലാഭക്കണക്കിൽ അധികമായി കാണിച്ചിട്ടുള്ളതായും ജീവനക്കാരുടെ സംഘടനകൾ പറയുന്നു.

115 കോടി രൂപ ലാഭമെന്നാണ് കെഎസ്എഫ്ഇ സർക്കാരിന് സമർപ്പിച്ച ഓഡിറ്റ് ചെയ്ത കണക്കിലുള്ളത്. ഗാരണ്ടികമീഷൻ, പ്രൊവിഷൻ ഇവ കുറച്ചുകാട്ടി ലാഭം അധികരിച്ചതായാണ് കണക്കുണ്ടാക്കിയിരിക്കുന്നത്. ജീവനക്കാരുടെ അവധിവേതനം അനുവദിക്കാൻ ചെലവഴിച്ചതായി ഓഡിറ്റിലുള്ളത് 33.62 കോടിയാണ്. എന്നാൽ ഇത് 49.49 കോടി രൂപയായിരുന്നു. 15.87 കോടി രൂപയാണ് കുറച്ചുകാണിച്ചത്. തൊട്ട് മുൻവർഷം ഈയിനത്തിൽ 38.41 കോടി ചെലവായിരുന്നു. ഇത് മാനിക്കാതെയാണ് തൊട്ടടുത്ത വർഷം കുറവ് രേഖപ്പെടുത്തിയത്. 2010-11ൽ 52.16 കോടിയായിരുന്നു ലാഭം. ഇത് തെറ്റായ കണക്കാണെന്ന് പറഞ്ഞ് അന്നത്തെ ധനകാര്യവിഭാഗം മാനേജർക്കെതിരെ ചെയർമാൻ നടപടി എടുത്തിരുന്നു. ഉദ്യോഗസ്ഥനെ മാറ്റി അടുത്ത വർഷം ഇല്ലാത്ത ലാഭം കണക്കിലുണ്ടാക്കിയിരിക്കുന്നതാണ് എ ജി കണ്ടെത്തിയിട്ടുള്ളത്.

ലാഭം പെരുപ്പിക്കാൻ ഓഡിറ്റ്ഫീസ് കൂട്ടിക്കൊടുത്തത് നിയമാനുസൃതമല്ലെന്നും എ ജി വ്യക്തമാക്കിയിട്ടുണ്ട്. 2011-12ൽ ഓഡിറ്റിങ്ങ് ഫീസായി നൽകിയത് 49.66 ലക്ഷം രൂപയാണ്. മുൻവർഷമിത് 26.25 ലക്ഷമായിരുന്നു. വർധിപ്പിച്ചു നൽകിയത് 23.41 ലക്ഷം. ഓഡിറ്റിങ്ങ് ഫീസ് വർധന കമ്പനി നിയമപ്രകാരം ശരിയല്ലെന്നും എ ജി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

- കേരള പൊലീസ് ഓഫീസേഴ്സ് അസോ.

കാലാവധി കഴിഞ്ഞ കമ്മിറ്റി യോഗം ചേരുന്നു

തിരു: കേരളപൊലീസ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയുടെ യോഗം അനധികൃതമായി ചേരുന്നു. നിലവിലെ കമ്മിറ്റിയുടെ കാലാവധി മാസങ്ങൾക്കുമുമ്പ് കഴിഞ്ഞിട്ടും അതേ ഭാരവാഹികൾക്ക് യോഗം ചേരാൻ ഡിജിപി അനുമതിനൽകി. പത്തിന് സംസ്ഥാന ഭാരവാഹിയോഗവും 11ന് ജില്ലാപ്രസിഡന്റ്, സെക്രട്ടറിമാരുടെയും യോഗവുമാണ് ചേരുക. എന്നാൽ ഈ കമ്മിറ്റിലുടെ കാലാവധി കഴിഞ്ഞ ജൂലായിൽ അവസാനിച്ചിരുന്നു. അതിനാൽ ഡിജിപിയുടെ ഉത്തരവ് നിയമവിരുദ്ധമാണെന്ന് ഒരുവിഭാഗം പറയുന്നു.

കേരള പൊലീസ് ഓഫീസേഴ്സ് അസോസിയേഷൻ കമ്മിറ്റിയുടെ കലാവധി രണ്ടുവർഷമാണ്. നിലവിലെ കമ്മിറ്റിയുടെ കാലാവധി നീട്ടിയിട്ടില്ല. നിയമപ്രകാരം കമ്മിറ്റിയില്ലാത്ത സാഹചര്യമാണ്.

മാർച്ച് 2ന് കർഷകർ വൈദ്യുതി ഓഫീസുകൾ ഉപരോധിക്കും

പ്രത്യേക ലേഖകൻ

തിരു: കാർഷികമേഖലയിലെ വൈദ്യുതിചാർജ് അന്യായമായി വർധിപ്പിച്ച നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് മാർച്ച് രണ്ടിന് കർഷകർ വൈദ്യുതി സെക്ഷൻ ഓഫീസുകൾ ഉപരോധിക്കും. കേരള കർഷകസംഘം സംസ്ഥാന കമ്മിറ്റി യോഗമാണ് തീരുമാനമെടുത്തത്. നാണ്യവിളകളുടെ കാർഷികാവശ്യത്തിനുള്ള വൈദ്യുതി ഉപയോഗം കാർഷിക താരിഫിൽനിന്ന് മാറ്റി വ്യാവസായിക താരിഫാക്കിയിരിക്കുകയാണ്. ഇതുവഴി ഭീമമായ വൈദ്യുതിബിൽ താങ്ങാനാകാതെ കർഷകർ ദുരിതത്തിലായിരിക്കുകയാണ്. തെങ്ങ്, കവുങ്ങ്, കാപ്പി, ഏലം, റബർ തുടങ്ങിയ കൃഷി ഇനങ്ങളെയാണ് പ്രധാനമായും ഈ തീരുമാനം ദോഷമായി ബാധിക്കുക. കേരളത്തിലെ കർഷകരിൽ 85 ശതമാനവും നാണ്യവിളക്കൃഷിക്കാരാണ്. നാണ്യവിളകളുടെ ഉൽപ്പാദനത്തെയും ഉൽപ്പാദനക്ഷമതയെയും ഇത് സാരമായി ബാധിക്കും.

മുൻകാലപ്രാബല്യത്തോടെയാണ് ചാർജ് വർധിപ്പിച്ചത്. 100 യൂണിറ്റിന് 139 രൂപ ഉണ്ടായിരുന്നത് 784 രൂപയായി വർധിപ്പിച്ചു. ചെറുകിട- ഇടത്തരം കർഷകർ 500 യൂണിറ്റുവരെയെങ്കിലും വൈദ്യുതി ഉപയോഗിക്കുന്നവരാണ്. ചാർജ് വർധന കർഷകർക്ക് താങ്ങാനാകില്ല. വിവിധ പ്രതിസന്ധികൾക്കൊപ്പം വൻതുക വൈദ്യുതി ഇനത്തിലും ചെലവഴിക്കാനാകാതെ ബിൽ കുടിശ്ശിക വരുന്നവരുടെ കണക്ഷൻ കെഎസ്ഇബി വിച്ഛേദിക്കുകയാണ്. കണക്ഷൻ വിച്ഛേദിച്ചാൽ ജലസേചനം മുടങ്ങി കാർഷികോൽപ്പാദനത്തെ സാരമായി ബാധിക്കും.

കൃഷിക്കുള്ള വൈദ്യുതി സബ്സിഡിയും നിർത്തലാക്കി. തമിഴ്നാട്ടിലും കർണാടകയിലും കാർഷികവിളകൾക്ക് വൈദ്യുതി സൗജന്യമാണ്. എല്ലാ കാർഷിക സബ്സിഡികളും നൽകുന്നുമുണ്ട്. കേരളത്തിൽ നിലവിലുള്ള ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുകയാണ്. കൃഷിക്കുള്ള വൈദ്യുതി താരിഫ് വ്യവസായ താരിഫാക്കി മാറ്റിയ തീരുമാനം പിൻവലിക്കുകയോ താരിഫിലെ വർധന സബ്സിഡിയായി നൽകുകയോ വേണം. സംസ്ഥാന സർക്കാരിന്റെയും ഇലക്ട്രിസിറ്റി ബോർഡിന്റെയും ഈ നയത്തിനെതിരെ ശക്തമായ കർഷക പ്രക്ഷോഭം വരുംനാളുകളിൽ ഉയർത്തുമെന്നും സംസ്ഥാന കമ്മിറ്റി മുന്നറിയിപ്പ് നൽകി. യോഗത്തിൽ സംസ്ഥാന വൈസ് പ്രസിഡന്റ് എം വിജയകുമാർ അധ്യക്ഷനായി. സെക്രട്ടറി കെ വി രാമകൃഷ്ണൻ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്തു.

65 ത്രിവേണി സ്റ്റോറുകൾ സഞ്ചാരം നിർത്തി ഷട്ടറിട്ടു

സി എൻ റെജി

കൊച്ചി: സംസ്ഥാന കൺസ്യൂമർഫെഡിന്റെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളിൽ 65 എണ്ണം കട്ടപ്പുറത്ത്. സാധനങ്ങളുടെ ലഭ്യതയും വിൽപ്പനയും കുറഞ്ഞതുമൂലമാണ് ഇവയ്ക്ക് പൂട്ടുവീണത്. അറ്റകുറ്റപ്പണിക്ക് കയറ്റിയവയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തവയും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നതായി വിവരാവകാശരേഖ കാണിക്കുന്നു. തീരദേശങ്ങളിലും മറ്റും പ്രവർത്തിച്ചിരുന്ന ഒമ്പത് ഒഴുകുന്ന ത്രിവേണി സ്റ്റോറുകളിൽ ഒരെണ്ണം മാത്രമാണ് ഇപ്പോൾ സർവീസ് നടത്തുന്നത്. ആലപ്പുഴയിൽ പേരിനുമാത്രം സർവീസ് നടത്തുന്ന ആ സ്റ്റോറും പൂട്ടാനുള്ള നീക്കത്തിലാണ്.

142 മൊബൈൽ ത്രിവേണി സ്റ്റോറുകളിൽ 77 എണ്ണം മാത്രമാണ് നിലവിൽ സർവീസ് നടത്തുന്നത്. ഗതാഗതവകുപ്പിൽനിന്ന്ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉള്ളത് നൂറെണ്ണത്തിനാണ്. കഴിഞ്ഞ ഒരു വർഷം വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്ക് 32.69 ലക്ഷം രൂപ ചെലവാക്കി. സർക്കാരിൽനിന്ന് സബ്സിഡി ലഭിക്കാത്തതിനാൽ വിറ്റുവരവ് കുറഞ്ഞെന്നും വിവരാവകാശരേഖ വ്യക്തമാക്കുന്നു. ജീവനക്കാരുടെ കുറവും അപകടങ്ങളും സ്റ്റോറുകളുടെ പ്രവർത്തനത്തെ ബാധിച്ചു.

സഞ്ചാരം നിർത്തിയ സ്റ്റോറുകളിലെ നൂറ്റിതൊണ്ണൂറോളം ജീവനക്കാരെ മറ്റ് വിൽപ്പന കേന്ദ്രങ്ങളിലേക്ക് മാറ്റി. വിതരണക്കാർക്ക് 350 കോടി രൂപ കുടിശ്ശികയായി. ഇതോടെ ത്രിവേണി സ്റ്റോറുകളിലേക്ക് സാധനങ്ങൾ വാങ്ങാനും കഴിയുന്നില്ല. സഞ്ചരിക്കുന്ന സ്റ്റോറുകളെ പ്രതിസന്ധിയിൽനിന്ന് കരകയറ്റാൻ കൺസ്യൂമർ ഫെഡിനും താൽപ്പര്യമില്ല. ഇപ്പോൾത്തന്നെ 1061 കോടി രൂപയുടെ സാമ്പത്തിക ബാധ്യതയാണ് കൺസ്യൂമർഫെഡിനുള്ളത്. 2012 മുതൽ 2014 ഡിസംബർ 31 വരെ 92.18 കോടിയുടെ സാധനങ്ങൾ വിറ്റതായി വിവരാവകാശപ്രവർത്തകൻ രാജു വാഴക്കാലയ്ക്ക് കൺസ്യൂമർഫെഡിൽനിന്ന് ലഭിച്ച രേഖ തെളിയിക്കുന്നു.

ലോകായുക്ത: അഴിമതി ഒതുക്കൽ കേന്ദ്രമോ?

ആർ എസ് ബാബു

അഴിമതി, കൈക്കൂലി സംഭവങ്ങളുടെ വിഷവായു ആഞ്ഞുവീശുന്നതിനാൽ ഉമ്മൻചാണ്ടി സർക്കാർ എപ്പോഴും നിലംപൊത്താവുന്ന സ്ഥിതിയിലാണ്. ജനാധിപത്യഭരണസംവിധാനത്തെ അഴിമതിയുടെ ജീർണതയിൽ ആഴ്ത്തുന്നതിൽനിന്ന് നാടിനെ രക്ഷിക്കാനുള്ള കടമ, ജുഡീഷ്യറിക്കും അർധജുഡീഷ്യൽ അധികാരമുള്ള ലോകായുക്തയ്ക്കുമുണ്ട്. ഭരണാധികാരികളുടെയും പൊതുപ്രവർത്തകരുടെയും അഴിമതി തടയാനുള്ള അന്വേഷണ സംവിധാനം എന്ന സങ്കൽപ്പത്തിലാണ് ലോകായുക്തയ്ക്ക് കേരള നിയമസഭ രൂപംനൽകിയത്. ശിക്ഷയ്ക്കുള്ള കൽപ്പനയല്ല, ശുപാർശയാണ് ഈ സംവിധാനത്തിന് നൽകാൻ കഴിയുക. എന്നാൽ, അഴിമതിക്കാരാണ് മുഖ്യമന്ത്രിയും മന്ത്രിമാരുമെന്ന് തെളിഞ്ഞുവെന്ന് ലോകായുക്ത വിധി പ്രസ്താവിച്ചാൽ അവർ അധികാരത്തിൽനിന്ന് പുറത്തുപോകണമെന്നതാണ് വ്യവസ്ഥ. ഇങ്ങനെ വിഭാവനംചെയ്തിട്ടുള്ള ലോകായുക്ത, അഴിമതിക്കാരായ ഭരണാധികാരികളെ രക്ഷിക്കാനുള്ള തടയിടൽകേന്ദ്രമാകാൻ പാടില്ല. ജനത്തിന് അങ്ങനെ സന്ദേഹം ശക്തമാകുന്നു. അഴിമതി മൂടിവയ്ക്കാനുള്ള അധികാരകേന്ദ്രമായി അധഃപതിക്കയാണോ എന്ന സന്ദേഹം.

ബാർ കോഴക്കേസിൽ വിജിലൻസ് പ്രതിയായ മന്ത്രി കെ എം മാണിയുടെ കേസിൽ തുടർനടപടി ശക്തിപ്പെടുത്താൻ ആവശ്യപ്പെടുന്ന ഹർജി വന്നപ്പോൾ, മാണിക്കെതിരെ പ്രഥമദൃഷ്ട്യാകേസ്കാണുന്നില്ലെന്ന് ലോകായുക്തയിലെ ജസ്റ്റിസുമാരായ പയസ് സി കുര്യാക്കോസും കെ പി ബാലചന്ദ്രനും വാക്കാൽ നിരീക്ഷിച്ചത് അത്ഭുതകരമാണ്. കേസിന്റെ ഉള്ളടക്കം പഠിക്കാതെ ഇങ്ങനെ പ്രതികരിച്ചതിലൂടെ അഴിമതിക്കാരെ സംരക്ഷിക്കാനുള്ള വ്യഗ്രതയാണ് പുറത്തുവന്നത്. ഇതിന്റെ തുടർച്ചയാണ് പാറ്റൂർകേസിലും കണ്ടത്. മുഖ്യമന്ത്രി, മുമ്പ് റവന്യൂ കൈകാര്യം ചെയ്ത തിരുവഞ്ചൂർ, ചീഫ് സെക്രട്ടറിയായിരുന്ന ഇ കെ ഭരത്ഭൂഷൺ എന്നിവർ നിയമവിരുദ്ധമായി പ്രവർത്തിച്ചതിന്റെ രേഖകളുമായി 24 പേജ് അന്വേഷണറിപ്പോർട്ട് വിജിലൻസ് എഡിജിപി ജേക്കബ് തോമസ് സമർപ്പിച്ചു. എന്നാൽ, സത്യസന്ധനും ധീരനുമായ ഈ ഉദ്യോഗസ്ഥന്റെ മനോവീര്യം തകർക്കുന്ന സമീപനവും ഉത്തരവുകളുമാണ് ലോകായുക്തയിൽനിന്ന് ഉണ്ടായത്. ''ഈ റിപ്പോർട്ട് ഞങ്ങൾ ചവറ്റുകുട്ടയിൽ തള്ളുന്നു. ഇങ്ങനെയൊരു റിപ്പോർട്ട് ആവശ്യപ്പെട്ടില്ല, മാധ്യമശ്രദ്ധ നേടാനുള്ള തരംതാണ വിദ്യയാണിത്''- എന്നാണ് ഹൈക്കോടതിയിലെ മുൻ ന്യായാധിപർകൂടിയായ ലോകായുക്ത പറഞ്ഞത്. നീതിപുലരണമെന്ന് ആഗ്രഹിക്കുന്നവർ ഇതുകേട്ട് ഞെട്ടി. അവസാനം ലോകായുക്തയുടെ സിറ്റിങ് അവസാനിക്കും മുമ്പ് സൗജന്യമെന്നപോലെ എഡിജിപിയുടെ റിപ്പോർട്ട് അമിക്കസ്ക്യൂറിക്ക് നൽകുകയായിരുന്നു. ഭരണത്തിന്റെ മുകൾത്തട്ടിലെ എക്സിക്യൂട്ടീവിന്റെ ഇടപെടൽ പാറ്റൂർ ഫ്ളാറ്റ് കുംഭകോണക്കേസിലുണ്ടെന്നാണ് എഡിജിപിയുടെ റിപ്പോർട്ട്. ഇത് നിർദോഷകരമല്ലെന്നും വഞ്ചനാപരമാണെന്നും കാണിച്ച് നോട്ട്ഫയലടക്കമുള്ള തെളിവുകൾ എഡിജിപി അക്കമിട്ട് നിരത്തിയിട്ടുണ്ട്. ഏറ്റവും മുകൾത്തട്ടിലെ ഭരണ- എക്സിക്യൂട്ടീവ് ഇടപെടൽ വ്യക്തമാക്കുന്ന റിപ്പോർട്ട് കണ്ട് എന്തിനാണ് ലോകായുക്ത പ്രകോപിതരാകുന്നത്.

ഒളിച്ചുനടന്ന അഴിമതിത്തിമിംഗലങ്ങളെ നിയമത്തിന്റെ വലയിലാക്കിയ ചരിത്രവും ജുഡീഷ്യറിക്കും ലോകായുക്തയ്ക്കുമുണ്ട്. കർണാടക മുഖ്യമന്ത്രിക്കസേരയിൽനിന്ന് യെദ്യൂരപ്പയെ ജയിലിലേക്ക് വിട്ടത് ലോകായുക്തയാണെന്നോർക്കണം. ഖനികളാൽ സമ്പന്നമായ ബല്ലാരിമാർ വഴി കീശവീർപ്പിച്ച യെദ്യൂരപ്പയെ ലോകായുക്ത ജസ്റ്റിസ് എൻ സന്തോഷ് ഹെഗ്ഡെ അധികാരത്തിൽനിന്ന് ഇറക്കിയത് 21,508 പേജുള്ള അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. നാലുലക്ഷത്തിൽപ്പരം ബാങ്ക് അക്കൗണ്ടുകളും എണ്ണമറ്റ രേഖകളും പരിശോധിച്ചാണ് ഹെഗ്ഡെ അഴിമതി സമഗ്രമായി കണ്ടെത്തിയത്. ഇവിടെ എഡിജിപി ജേക്കബ് തോമസ് നൽകിയ 24 പേജുള്ള റിപ്പോർട്ട് സാവകാശം വായിക്കാനും ഉള്ളിലേക്ക് കടക്കാനുമുള്ള നിയമപരമായ ബാധ്യത ലോകായുക്തയ്ക്കുണ്ടായിരുന്നു. അത് നിറവേറ്റാതെ അഴിമതിക്കാരായ ഭരണാധികാരികൾക്ക് ആലവട്ടവും വെഞ്ചാമരവും വീശി, എക്സിക്യൂട്ടീവിനോടുള്ള വിധേയത്വവും പക്ഷപാതവും കാട്ടുന്ന സംവിധാനമായി കേരളത്തിലെ ലോകായുക്ത മാറുന്നത് അപമാനമാണ്. ലോകായുക്ത തലയില്ലാത്ത പ്രതിമയാണോ എന്ന തോന്നലാണ് ജുഡീഷ്യറിയിൽ വിശ്വസിക്കുന്നവർക്കെല്ലാം ഇത്തരം നടപടികളിലൂടെ ഉണ്ടാവുക.



നിസ

മലയാളി ബാലികയുടെ മരണം; 4 പേർക്ക് ശിക്ഷ

മനാമ: യുഎഇയിൽ സ്കൂൾ ബസിൽ മലയാളി ബാലിക നിസ ശ്വാസംമുട്ടി മരിച്ച കേസിൽ നാലുപേർക്ക് തടവും പിഴയും. അബുദാബിയിലെ പ്രത്യേക കോടതിയാണ് ശിക്ഷ വിധിച്ചത്.ഫിലിപ്പീൻസ് സ്വദേശിനിയായ ബസ് അറ്റൻഡർ, പാകിസ്ഥാൻ സ്വദേശിയായ ഡ്രൈവർ, ലബനൻ സ്വദേശിയായ സ്കൂൾ ജീവനക്കാരി എന്നിവരെ മൂന്നുവർഷം തടവിനും 20,000 യുഎഇ ദിർഹം വീതം പിഴയടയ്ക്കാനും ശിക്ഷിച്ചു.

ഒക്ടോബർ എട്ടിനായിരുന്നു സംഭവം. വീരാജ്പേട്ട മടിക്കേരി സ്വദേശി നസീർ അഹമ്മദിന്റെയും കണ്ണൂർ പഴയങ്ങാടി സ്വദേശി നബീലയുടെയും മകളാണ് നിസ. അബുദാബി മുറൂർ റോഡിലെ അൽവൊരൂദ് അക്കാദമി സ്കൂളിലെ കിന്റർഗാർട്ടൺ എൽകെജി വിദ്യാർഥിനിയായിരുന്നു. രാവിലെ ആറോടെ ഖാലിദിയയിലെ വീട്ടിൽനിന്ന് സ്കൂൾ ബസിൽ യാത്രതിരിച്ച കുട്ടി ഉറങ്ങിപ്പോയി. മറ്റു വിദ്യാർഥികൾ സ്കൂളിൽ ഇറങ്ങി. എന്നാൽ,നിസ ഉറങ്ങുന്നത് ശ്രദ്ധിക്കാതെ ഡ്രൈവർ ബസ് അടച്ചിട്ടുപോയി. വായുസഞ്ചാരമില്ലാത്ത ബസിൽ കുട്ടി ശ്വാസംമുട്ടി മരിച്ചു.